Vol-1,N0:15
28-07-2007

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Archbishop Mar Joseph Powathil
**Commission Secretary**
Fr. Johny Kochuparambil mst

**Vice-Chairmen**
Archbishop Dr. Daniel Acharuparambil
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# ജാഗ്രത

പ്രധാനവാർത്തകൾ

01. ന്യൂനപക്ഷ അവകാശ സംരക്ഷണത്തിന് ജാഗ്രതാ സമിതികൾ അനിവാര്യം:
02. ഒരു വശത്ത് സമവായവും മറുഭാഗത്ത് വേട്ടയാടലും വേണ്ട- മേജർ ആർച്ച് ബിഷപ്പ്.
03. സർക്കാരിന്റേത് ഭീഷണിയുടെ സ്വരം-ഇന്റർ ചർച്ച് കൗൺസിൽ.
04. സ്വാശ്രയ മെഡി.കോളേജും സർക്കാരുമായുള്ള കരാർ വ്യവസ്ഥകൾ തടഞ്ഞു.
05. സ്വാശ്രയ എൻജി. കോളേജുകളുടെ അംഗീകാരം പിൻവലിച്ചതു റദ്ദാക്കി
06. അധ്യാപകരെ പഞ്ചായത്തുകൾക്ക് ശിക്ഷിക്കാം: മന്ത്രി ബേബി.
07. പകർച്ചപ്പനി നിയന്ത്രണ വിധേയമാക്കാൻ കത്തോലിക്കാസഭ കർമ്മപദ്ധതി നടപ്പിലാക്കുന്നു.
08. വിവാഹ രജിസ്ട്രേഷൻ എല്ലാവർക്കും നിർബന്ധമാക്കണം: സുപ്രീംകോടതി.
09. അഭയക്കേസ്: സ്വഭാവഹത്യ ഖേദകരമെന്ന് അപ്നാദേശ്.
10. 62.4 ശതമാനം മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ദരിദ്രർ.

## 01. ന്യൂനപക്ഷ അവകാശ സംരക്ഷണത്തിന് ജാഗ്രതാ സമിതികൾ അനിവാര്യം:

(കെ. സി. ബി. സി ഐക്യ ജാഗ്രതാ കമ്മീഷൻ)

ന്യൂനപക്ഷ ധ്വംസനം നടത്തുന്ന സർക്കാരിൽ നിന്നും ഭരണഘടനയും പരമോന്നത കോടതിയും ആവർത്തിച്ചംഗീകരിച്ച ന്യൂനപക്ഷാവകാശം സംരക്ഷിക്കാൻ ജാഗ്രതാ സമിതികൾ ഈ കാലഘട്ടത്തിൽ ആവശ്യമാണെന്ന് കെ. സി. ബി. സി ഐക്യജാഗ്രതാ കമ്മീഷൻ സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ അഭിപ്രായപ്പെട്ടു. വിവിധ രൂപതകൾ ഇടയലേഖനങ്ങളിൽ സൂചിപ്പിച്ചിട്ടുള്ള സംരക്ഷണ സമിതികൾ സ്വാഗതാർഹമാണ്. ഇതിന്റെ ലക്ഷ്യം വളരെ വ്യക്തമാണ്. സഭാമക്കളെ ന്യൂനപക്ഷാവകാശങ്ങളെപ്പറ്റി ബോധവാന്മാരാക്കുകയും ഭരണഘടന നൽകുന്ന അവകാശങ്ങൾ നേടിയെടുക്കാൻ അവരെ പ്രാപ്തരാക്കുകയുമാണ് ജാഗ്രതാ സമിതിയുടെ ലക്ഷ്യം. അല്ലാതെ ചില രാഷ്ട്രീയക്കാരും മാധ്യമങ്ങളും പറഞ്ഞുപരത്തുന്ന വിപ്ലവ പ്രസ്ഥാനമല്ല ക്രൈസ്തവ ജാഗ്രതാസമിതികൾ. ജാഗ്രതാ സമിതിയുടെ പരിശീലനത്തിനും ലക്ഷ്യപ്രാപ്തിക്കും ആവശ്യമായ എല്ലാ സഹായസഹകരണവും നൽകാൻ തയ്യാറാണെന്ന് കെ. സി. ബി. സി ഐക്യ ജാഗ്രതാ കമ്മീഷൻ സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ വ്യക്തമാക്കി.

സർക്കാർ മുന്നോട്ടു വയ്ക്കുന്ന ചർച്ചകൾ സ്വാഗതാർഹമാണ്. എന്നാൽ ഇതിലെത്രമാത്രം ആത്മാർത്ഥതയുണ്ട് എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ചർച്ചയ്ക്ക് മുമ്പ് പരസ്പര വിരുദ്ധങ്ങളായ പ്രസ്താവനകൾ നിറുത്തണം. ന്യൂനപക്ഷ വിദ്യാഭ്യാസസ്ഥാപനങ്ങൾക്കെതിരെയുള്ള പ്രതികാരനടപടികൾ അവസാനിപ്പിക്കണം. വിദ്യാർത്ഥി-ഗുണ്ടാസംഘങ്ങളെ നിലയ്ക്ക് നിറുത്തണം. ചില കുട്ടിരാഷ്ട്രീയക്കാരെ പക്വതയോടെ പെരുമാറാൻ പഠിപ്പിക്കണം. വിദ്യാർത്ഥികളിൽ വിപ്ലവചിന്തയും നിരീശ്വരത്വവും കുത്തിവയ്ക്കുവാനുള്ള നീക്കങ്ങൾ അവസാനിപ്പിക്കണം. മാത്രമല്ല ഭരണഘടനയും പരമോന്നതകോടതിയും നൽകുന്ന അവകാശങ്ങളെ സംരക്ഷിക്കുവാനുള്ള സാമാന്യ മര്യാദയും ഉണ്ടാകണം. ക്രൈസ്തവ സഭയിലെ ചില അസംതൃപ്തരായ വ്യക്തികളെ സഭയുടെ വക്താക്കളായി ചിത്രീകരിക്കുന്ന ചില മാധ്യമങ്ങളുടെ പ്രവണത തികച്ചും അപലപനീയമാണ്-കമ്മീഷൻ സെക്രട്ടറി പറഞ്ഞു.

02. **ഒരു വശത്ത് സമവായവും മറുഭാഗത്ത് വേട്ടയാടലും വേണ്ട– മേജർ ആർച്ച് ബിഷപ്പ്.**

(Mathrubhumi 21-07-2007)

വിദ്യാഭ്യാസ മേഖലയിൽ ഒരു വശത്ത് സമവായവും മറുഭാഗത്ത് വേട്ടയാടി മുട്ടുമടക്കിക്കാനുള്ള ശ്രമവുമാണ് ക്രൈസ്തവ സഭയോട് സർക്കാർ പുലർത്തുന്നതെന്ന് മേജർ ആർച്ച് ബിഷപ്പ് ബസേലിയോസ് മാർ ക്ലീമിസ് കുറ്റപ്പെടുത്തി. സഭയെ വേട്ടയാടലിന്റെ വക്കിൽ കൊണ്ടു നിർത്തിയശേഷം ക്രിയാത്മക ചർച്ചയും പ്രശ്നപരിഹാരവും എങ്ങനെ സാധ്യമാകുമെന്ന് അദ്ദേഹം പത്രസമ്മേളനത്തിൽ ചോദിച്ചു. സഭാനേതൃത്വവും വിശ്വാസികളും ആശങ്കപ്പെടേണ്ട കാര്യമില്ലെന്ന് ഭരണകക്ഷിയായ സി. പി എമ്മിന്റെ സംസ്ഥാന സെക്രട്ടറി പിണറായി വിജയൻ പറഞ്ഞുതീരുന്നതിന്റെ തൊട്ടുപിന്നാലെയറിയുന്നത് സഭാ വക കോളേജുകളുടെ അഫിലിയേഷൻ റദ്ദാക്കിയ നടപടിയാണ്. ഇത് ആശങ്കയുളവാക്കുന്നു. എന്നാൽ സഭ ഏറ്റുമുട്ടലിന് തയ്യാറല്ല. വിമോചന സമരാഹ്വാനം സഭ ഔദ്യോഗികമായി നൽകിയിട്ടുമില്ല. ഏതെങ്കിലും ഒരു പ്രത്യേക സാഹചര്യത്തിൽ പറഞ്ഞ വാക്കുകളും ഇടയലേഖനത്തിലെ ചില ഭാഗമോ എടുത്ത് അത്തരത്തിൽ ചിത്രീകരിക്കുന്നതാണ്. ഇടയലേഖനം കേരളത്തിലെ വിശാലമായ സമൂഹത്തെ ഹനിക്കുന്നതിന് ഇറക്കിയതല്ല. എന്നാൽ അതിന്റെ ആധികാരികത കീറിമുറിക്കപ്പെടുന്നതിൽ വേദനയുണ്ട്. ഇതിന്റെ പേരിൽ സഭയുടെ പ്രബോധനാധികാരം അടിയറ വെയ്ക്കാൻ തയ്യാറല്ലെന്നും അദ്ദേഹം പറഞ്ഞു. വിമോചന സമരത്തിന് ആഹ്വാനം ചെയ്തുവെന്നല്ല, ഇടയലേഖനം ഇറക്കേണ്ട സ്ഥിതി വരെ കാര്യങ്ങൾ എത്തിനിൽക്കുന്നുവെന്നതാണ് പ്രധാനം. ആരെങ്കിലും ഒരാൾ പറയുമ്പോൾ ഇറക്കാനും മറ്റൊരാൾ പറയുമ്പോൾ പിൻവലിക്കാനുമുള്ളതല്ല ഇടയലേഖനം. അതൊരു സർക്കുലർ ഇറക്കുന്ന ലാഘവത്തിൽ കൈകാര്യം ചെയ്യാറില്ല–അദ്ദേഹം പറഞ്ഞു.

03. **സർക്കാരിന്റേത് ഭീഷണിയുടെ സ്വരം–ഇന്റർ ചർച്ച് കൗണസിൽ.**

(Mathrubhumi 21-07-2007)

സർക്കാർ ന്യൂനപക്ഷ സമുദായങ്ങളോട് ഭീഷണിയുടെ സ്വരമാണ് സ്വീകരിക്കുന്നതെന്ന് ഇന്റർ ചർച്ച് കൗൺസിൽ ഫോർ എഡ്യൂക്കേഷൻ യോഗതീരുമാനങ്ങൾ വിശദീകരിച്ച് സഭാ മേലധ്യക്ഷന്മാർ അഭിപ്രായപ്പെട്ടു. ന്യൂനപക്ഷ സംരക്ഷകരെന്ന് സ്വയം കൊട്ടിഘോഷിക്കുമ്പോൾ തന്നെ, ഗവൺമെന്റ് ന്യൂനപക്ഷ വിരുദ്ധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുകയാണെന്ന് അവർ ആരോപിച്ചു. സർക്കാരിന്റെ ആജ്ഞാനുവർത്തികളാകാൻ വിസമ്മതിക്കുന്ന കോളേജുകളെ തിരഞ്ഞുപിടിച്ച് അഫിലിയേഷൻ റദ്ദാക്കുന്നത് ഭീഷണിയുടെ ഭാഗമാണെന്ന് സഭാദ്ധ്യക്ഷൻമാർ പറഞ്ഞു.

ന്യൂനപക്ഷാവകാശ സംരക്ഷണ സമിതികളും ജാഗ്രതാ സമിതികളും സഭാംഗങ്ങളുടെയും സ്ഥാപനങ്ങളുടെയും സ്വയം സംരക്ഷണത്തിനുവേണ്ടി രൂപവത്ക്കരിച്ചവയാണ്. ക്രൈസ്തവരും ഇവിടത്തെ ജനങ്ങളാണ്. ക്രൈസ്തവർക്കും ഇവിടെ ജീവിക്കേണ്ടേ?–ബിഷപ്പ്മാർ ചോദിച്ചു. അക്രമങ്ങളെ എങ്ങനെ നേരിടുമെന്ന പത്രലേഖകരുടെ ചോദ്യത്തിന്, കായികമായി അക്രമമുണ്ടായാൽ കായികമായും ആശയപരമായ എതിർപ്പാണെങ്കിൽ ആശയപരമായും നേരിടുമെന്ന് ജോസഫ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത മറുപടി നൽകി. ഇടയലേഖനങ്ങൾ പിൻവലിക്കുന്ന പ്രശ്നമേയില്ലെന്നും സഭാദ്ധ്യക്ഷന്മാർ പറഞ്ഞു. ചർച്ചയാവമെന്ന സർക്കാരിന്റെ നിർദ്ദേശത്തെ സ്വാഗതം ചെയ്യുന്നു. എന്നാൽ, ചർച്ചകൾ അനന്തമായി പ്രശ്നം നീട്ടാനുള്ള ഉപാധിയാകരുത്. കോളേജുകളുടെ അഫിലിയേഷൻ റദ്ദാക്കിയ നടപടിക്കെതിരേ കോടതിയെ സമീപിക്കുമെന്ന് മാർ പവ്വത്തിൽ പറഞ്ഞു.

04. **സ്വാശ്രയ മെഡി.കോളേജും സർക്കാരുമായുള്ള കരാർ വ്യവസ്ഥകൾ തടഞ്ഞു.**

(Mathrubhumi 27-07-2007)

സ്വാശ്രയ മെഡിക്കൽ കോളേജുകൾ സർക്കാരുമായുണ്ടാക്കിയ കരാറിൽ 50 ശതമാനം സീറ്റുകൾ സർക്കാരിന് വിട്ടുകൊടുക്കുന്നതൊഴിച്ചുള്ള പ്രധാന വ്യവസ്ഥകൾ ഹൈക്കോടതി തടഞ്ഞു. കരാറുണ്ടാക്കിയ അഞ്ചുകോളേജുകളിലെ എൻ.ആർ.ഐ ക്വാട്ട ഒഴിച്ചുള്ള മാനേജ്മെന്റ് സീറ്റുകളിൽ 1.30 ലക്ഷം രൂപ വാർഷിക ഫീസേ ഈടാക്കാവൂ. സാമ്പത്തിക സംവരണം ഏർപ്പെടുത്തരുത്. എല്ലാ സീറ്റിലും പൊതു റാങ്ക് ലിസ്റ്റിൽ നിന്ന് മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം നടത്തണമെന്നും ജസ്റ്റിസ് എസ്. സിരിജഗൻ ഉത്തരവിട്ടു.

സ്വാശ്രയ മെഡിക്കൽ–എൻജിനീയറിംഗ് കോളേജുമായി സർക്കാരുണ്ടാക്കിയ കരാർ അംഗീകരിച്ച ജസ്റ്റിസ് പി. എ മുഹമ്മദ് കമ്മിറ്റിയുടെ ഉത്തരവ് ഹൈക്കോടതി സ്റ്റേ ചെയ്തു. കരാർ വ്യവസ്ഥകൾ ചോദ്യം ചെയ്തുള്ള ഒരു കൂട്ടം വിദ്യാർത്ഥികളുടെ ഹർജികളിലാണ് ഉത്തരവ്. മാനേജ്മെന്റിന്റെ 50 ശതമാനം സീറ്റിൽ 5.5 ലക്ഷം രൂപ വാർഷിക ഫീസ് ഈടാക്കാൻ കരാർ പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ, 2006 ലെ സ്വാശ്രയ നിയമപ്രകാരം പി. എ മുഹമ്മദജ് കമ്മിറ്റിയുടെ ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ച 1.30

ലക്ഷം രൂപയേ ഈ സീറ്റിലും വാങ്ങാവൂ എന്നു കോടതി വ്യക്തമാക്കി. സാമ്പത്തിക സംവരണമോ മറ്റ് പരിഗണനകളോവച്ച് റാങ്ക്ലിസ്റ്റിലെ മെറിറ്റ് പരിഗണിക്കാതെ പ്രവേശനം നടത്തുന്നത് പവേശനം മെറിറ്റടിസ്ഥാനത്തിൽ വേണമെന്ന സുപ്രീംകോടതി ഉത്തരവിന് വിരുദ്ധമാകും എന്ന് ഹർജിക്കാർ വാദിച്ചു. എന്നാൽ 50 ശതമാനം മാനേജ്മെന്റ് സീറ്റിൽ മെറിറ്റിൽ പ്രവേശനം നൽകേണ്ട 20 ശതമാനത്തിലും ഇഷ്ടാനുസരണം പ്രവേശനം നൽകാവുന്ന 15 ശതമാനത്തിലും ഉൾപ്പെടെ മെറിറ്റടിസ്ഥാനത്തിലേ പ്രവേശനം നൽകൂ എന്ന് അഡ്വക്കേറ്റ് ജനറൽ ഉറപ്പു നൽകി. ഇത് കോടതി അംഗീകരിച്ചു. ഫീസ് നിശ്ചയിച്ച ഫീ റെഗുലേറ്ററി കമ്മിറ്റിക്ക് അതിലെ മാറ്റം അംഗീകരിക്കാനും അധികാരമുണ്ടെന്ന അഡ്വക്കേറ്റ് ജനറലിന്റെ വാദം കോടതി അംഗീകരിച്ചില്ല. നിയമാനുസൃതം നിശ്ചയിച്ച ഫീസ് മാറ്റാൻ സർക്കാരിനോ സ്വാശ്രയ മാനേജ്മെന്റുകൾക്കോ അധികാരമില്ലെന്ന് കോടതി വിലയിരുത്തി.

### 05. സ്വാശ്രയ എൻജി. കോളേജുകളുടെ അംഗീകാരം പിൻവലിച്ചതു റദ്ദാക്കി.

(Deepika 27-07-2007)

കാലിക്കറ്റ് സർവകലാശാലയ്ക്ക് കീഴിലുള്ള രണ്ട് സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളുടെ അംഗീകാരം പിൻവലിച്ച രജിസ്ട്രാറുടെ നടപടി ഹൈക്കോടതി റദ്ദാക്കി. കൊടകര സഹൃദയ, ചെറുതുരുത്തി ജ്യോതി എന്നീ എൻജിനീയറിംഗ് കോളേജുകളുടെ അംഗീകാരം പിൻവലിച്ച നടപടിയാണ് റദ്ദാക്കിയത്. സിൻഡിക്കേറ്റിൽ പോലും വയ്ക്കാതെ രജിസ്ട്രാർ ഇറക്കിയ ഉത്തരവിന് നിയമസാധുതയില്ലെന്ന് ജസ്റ്റിസ് എസ്. സിരിജഗൻ ഉത്തരവിൽ വ്യക്തമാക്കി. ഈ മാസം പത്തിനായിരുന്നു അഫിലിയേഷൻ റദ്ദാക്കിക്കൊണ്ട് ഉത്തരവിറക്കിയത്. ഇതിനെതിരേ കോളേജുകൾ ഹൈക്കോടതിയെ സമീപിക്കുകയായിരുന്നു.

### 06. അധ്യാപകരെ പഞ്ചായത്തുകൾക്ക് ശിക്ഷിക്കാം: മന്ത്രി ബേബി. (Deepika 27-07-2007)

അധ്യാപകർക്ക് മേൽ ലഘുശിക്ഷകൾ ചുമത്താൻ പഞ്ചായത്തുകൾക്ക് അധികാരം നൽകിയിട്ടുണ്ടെന്ന് മന്ത്രി എം. എ ബേബി. 1997 ജൂലൈ ഏഴിനു പുറത്തിറക്കിയ സർക്കാർ ഉത്തരവ് പ്രകാരമാണിതെന്നും മന്ത്രി നിയമസഭയിൽ പറഞ്ഞു. സെൻഷർ, ഫൈൻ, ഇൻക്രിമെന്റ് താത്കാലികമായി തടഞ്ഞുവെയ്ക്കൽ, ശമ്പളത്തിൽ നിന്നു തുക വസൂലാക്കൽ എന്നീ ലഘു ശിക്ഷകൾ നടപ്പാക്കാനാണ് പഞ്ചായത്ത് അധികാരം. എന്നാൽ, പാഠപുസ്തകങ്ങളും സ്കൂൾ കലണ്ടറും തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് നിശ്ചയിക്കാമെന്ന വ്യവസ്ഥ പഞ്ചായത്ത്, മുനിസിപ്പാലിറ്റി നിയമങ്ങളിലില്ല. കൂടുതൽ ശിക്ഷ നൽകാവുന്ന കേസുകളിൽ സസ്പെൻഷൻ തുടങ്ങിയ നടപടികൾ സ്വീകരിക്കാനും പഞ്ചായത്തിന് അധികാരമുണ്ട്.

### 07. പകർച്ചപ്പനി നിയന്ത്രണ വിധേയമാക്കാൻ കത്തോലിക്കാസഭ കർമ്മപദ്ധതി നടപ്പിലാക്കുന്നു.

(കെ. സി. ബി. സി)

കേരളത്തിൽ പടർന്നു പിടിച്ചിട്ടുള്ള പകർച്ചപ്പനി നിയന്ത്രണവിധേയമാക്കാൻ കേരള കത്തോലിക്കാസഭയുടെ ആരോഗ്യവകുപ്പ് കർമ്മപദ്ധതി തയ്യാറാക്കി നടപ്പിലാക്കാൻ ഒരുങ്ങുന്നു. കേരളത്തിൽ എല്ലാ വർഷവും മഴക്കാലത്തെ തുടർന്ന് വ്യാപകമാകുന്ന പകർച്ചപ്പനി പരിപൂർണമായി നിയന്ത്രണവിധേയമാക്കാൻ മൂന്ന് വർഷമെടുക്കുമെന്ന കേന്ദ്രസംഘത്തിന്റെയും സംസ്ഥാന ആരോഗ്യവകുപ്പിന്റെയും കണ്ടെത്തലിന്റെ വെളിച്ചത്തിലും സംസ്ഥാനത്ത് ചിക്കുൻ ഗുനിയ വയറസിന്റെ വ്യാപനം വളരെ ഉയർന്ന ശതമാനമാണെന്നും വരും ദിനങ്ങളിലും വർഷങ്ങളിലും പനി ബാധിച്ചവരുടെ എണ്ണം വർദ്ധിക്കുമെന്ന രാജീവ് ഗാന്ധി ബയോടെക്നോളജി സെന്ററിന്റെ ഗവേഷണ വെളിപ്പെടുത്തലിന്റെ വെളിച്ചത്തിലുമാണ് തീവ്രമായി പകർച്ചപ്പനി ഉന്മൂലനത്തിനായി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ കത്തോലിക്കാസഭ തയ്യാറാവുന്നത്. കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയമായ കൊച്ചിയിലെ പി.ഒ.സി.യിൽ ചേർന്ന കത്തോലിക്കാസഭയുടെ ആരോഗ്യവകുപ്പിന്റെ ഉന്നതല യോഗമാണ് തീരുമാനം കൈക്കൊണ്ടത്.

പകർച്ചപ്പനി ഉന്മൂലനത്തിന്റെ ആദ്യഘട്ടമെന്ന നിലയിൽ കേരളത്തിൽ കത്തോലിക്കാസഭയ്ക്കുള്ള 275 ആശുപത്രികൾ വഴിയും 75 പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ വഴിയും സൗജന്യ മെഡിക്കൽ ക്യാമ്പുകളും സൗജന്യ മരുന്നുവിതരണവും നടപ്പിലാക്കുക, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പാവപ്പെട്ട രോഗികൾക്ക് കത്തോലിക്ക ആശുപത്രികളിൽ സൗജന്യ ചികിത്സാസൗകര്യം നൽകുക, പകർച്ചപ്പനി മൂലം സാമ്പത്തികമായി തകർന്ന് പട്ടിണിയിലായ കുടുംബങ്ങൾക്ക് അരി തുടങ്ങി ഭക്ഷ്യവസ്തുക്കൾ ഉൾക്കൊള്ളുന്ന കിറ്റ് നൽകുക. സർക്കാർ നടത്തുന്ന കർമ്മപരിപാടികളോട് ചേർന്ന് സഹകരിച്ച് പ്രവർത്തിക്കുക; രണ്ടാം ഘട്ടത്തിൽ സംഘടനകൾ, സ്വയംസേവ സംഘങ്ങൾ, അയൽക്കൂട്ടങ്ങൾ, സ്കൂളുകൾ, ഇടവകകൾ എന്നിവ കേന്ദ്രീകരിച്ച്

ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുകയും പകർച്ചപ്പനി ഉന്മൂലന പ്രവർത്തനത്തിനായി സന്നദ്ധസേവകസംഘങ്ങൾ രൂപീകരിക്കുകയും പകർച്ചപ്പനി വരാതിരിക്കുവാനായി പ്രതിരോധ കുത്തിവയ്പ്പുകളും മരുന്നുകളും നൽകുകയും കത്തോലിക്കാസഭയുടെ ആശുപത്രികളിലെ ഡോക്ടർമാർ, നേഴ്സുമാർ,നേഴ്സിംഗ് വിദ്യാർത്ഥികൾ എന്നിവരുടെ നേതൃത്വത്തിൽ പകർച്ചപനി നിയന്ത്രണവിധേയമാക്കാനുള്ള പദ്ധതി നടപ്പിലാക്കുക എന്നിവ ഉൾക്കൊള്ളുന്നതാണ് കർമ്മപദ്ധതി. ഇതിനോടകം കത്തോലിക്കാസഭയുടെ വിവിധ രൂപതകൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ ക്രോഡീകരിക്കും. പകർച്ചപ്പനി നിയന്ത്രണവിധേയമാക്കാനുള്ള കർമ്മപദ്ധതിയുടെ വിശദമായ രൂപരേഖ ഉടനെ തന്നെ രൂപതകളുടെ ആരോഗ്യവകുപ്പിന്റെ ഡയറക്ടർമാർക്കും ആശുപത്രി മേലധികാരികൾക്കും അയച്ചുകൊടുക്കും. സംസ്ഥാനതലത്തിൽ പദ്ധതികൾക്ക് ആരോഗ്യവകുപ്പിന്റെ സെക്രട്ടറി ഫാ. മാത്യു പുതുമന, ഫാ. ജെറ്റോ എന്നിവർ നേതൃത്വം നൽകും. കത്തോലിക്കാസഭയുടെ ആരോഗ്യവകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയുടെ വിജയത്തിനായി മറ്റു വകുപ്പുകളുടെയും സഹായ സഹകരണങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രത്യേകിച്ചും സഭയുടെ സാമൂഹികക്ഷേമ വകുപ്പിന്റെ സഹകരണത്തോടെയായിരിക്കും പകർച്ചപ്പനി നിയന്ത്രണവിധേയമാക്കാനുള്ള തീവ്രപദ്ധതി നടപ്പിലാക്കുന്നതെന്ന് കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ഔദ്യോഗികവക്താവും കെ.സി.ബി.സി. ഡെപ്യൂട്ടി സെക്രട്ടറിയുമായ ഡോ. സ്റ്റീഫൻ ആലത്തറ പത്രക്കുറിപ്പിൽ അറിയിച്ചു.

### 08. വിവാഹ രജിസ്ട്രേഷൻ എല്ലാവർക്കും നിർബന്ധമാക്കണം: സുപ്രീംകോടതി.

(Deshbhimani 25-07-2007)

ജാതി-മതഭേദമെന്യേ വിവാഹ രജിസ്ട്രേഷൻ എല്ലാവർക്കും നിർബന്ധമാക്കണമെന്ന് സുപ്രീംകോടതി നിർദേശിച്ചു. ഇതിനുള്ള നിയമം രൂപീകരിക്കുന്നത് സംബന്ധിച്ച് എല്ലാ സംസ്ഥാനങ്ങളും എട്ടാഴ്ചക്കകം മറു പടി നൽകണമെന്ന് ജസ്റ്റിസുമാരായ അരിജിത് പസായത്, ലോകേശ്വർസിങ് പാണ്ഡ എന്നിവരടങ്ങിയ ബെഞ്ച് ഉത്തരവിട്ടു.വിവാഹ രജിസ്ട്രേഷൻ നിർബന്ധമാക്കി നിയമം കൊണ്ടു വരണമെന്ന് 2006 ഫെബ്രുവരിയിൽ സുപ്രീംകോടതി എല്ലാ സംസ്ഥാനങ്ങളോടും നിർദേശിച്ചിരുന്നു. ഭൂരിഭാഗം സംസ്ഥാനങ്ങളും ഹിന്ദു ആചാര പ്രകാരമുള്ള വിവാഹങ്ങൾക്കു മാത്രം രജിസ്ട്രേഷൻ നിർബന്ധമാക്കിയ നിയമമാണ് കൊണ്ടു വന്നത്. തിങ്ക ളാഴ്ച കേസ് വീണ്ടും പരിഗണനയ്ക്ക് വന്നപ്പോൾ മറ്റ് മതവിഭാഗങ്ങളെ ഒഴിവാക്കി നിയമം കൊണ്ടുവന്ന നട പടിയെ കോടതി വിമർശിച്ചു. എല്ലാ ജാതി-മതവിഭാഗങ്ങൾക്കും രജിസ്ട്രേഷൻ നിർബന്ധമാക്കണം. വിവാഹ ത്തിന്റെ പേരിലുള്ള തട്ടിപ്പുകൾ ഒഴിവാക്കുക എന്ന സദുദ്ദേശ്യത്തോടെയാണ് നിയമം കൊണ്ടുവരണമെന്ന് നിർദേശിച്ചിട്ടുള്ളത്. എല്ലാ വിഭാഗങ്ങളെയും ഉൾപ്പെടുത്തി എന്തുകൊണ്ട് നിയമം കൊണ്ടു വന്നില്ല എന്നതു സംബന്ധിച്ച് സംസ്ഥാനങ്ങൾ എട്ടാഴ്ചക്കകം മറുപടി നൽകണം-കോടതി പറഞ്ഞു.

### 09. അഭയക്കേസ്: സ്വഭാവഹത്യ ഖേദകരമെന്ന് അപ്നാദേശ്. (Mangalam 25-07-2007)

അഭയക്കേസിൽ വൈദികരെയും സിസ്റ്റർമാരെയും സ്വഭാവഹത്യ നടത്തുന്ന പ്രവണതയെ കോട്ടയം അതിരൂപതയുടെ മുഖപത്രമായ അപ്നാദേശ് വിമർശിച്ചു. കേസിൽ സത്യം തെളിയുന്നതിന് പൂർണ സഹക രണം നൽകിയിട്ടും സമർപ്പിത ജീവിതം നയിക്കുന്നവരെ അവഹേളിക്കാൻ ചില വ്യക്തികളും മാധ്യമങ്ങളും ശ്രമിക്കുന്നതിൽ ഖേദമുണ്ടെന്ന് അപ്നാദേശിന്റെ ഏറ്റവും പുതിയ ലക്കത്തിൽ പ്രസിദ്ധീകരിച്ച മുഖപ്രസംഗ ത്തിൽ പറയുന്നു. അഭയയുടെ മരണത്തെ തുടർന്നുള്ള അന്വേഷണത്തിൽ സഭയ്ക്ക് ഒരു കാഴ്ചപ്പാടേ ഉള്ളൂ -സത്യം തെളിയണം. വിവിധ ഏജൻസികൾ മാറി മാറി അന്വേഷിച്ചപ്പോൾ സഭ നൽകിയ പൂർണ സഹകരണം ഇക്കാര്യം അടിവരയിടുന്നു. സി. ബി. ഐയുടെ ഇപ്പോഴത്തെ സംഘം അന്വേഷണം നടത്തമ്പോഴും സ്ഥിതി ഭിന്നമല്ല. അതിരൂപതയിലെ വൈദികർക്കാർക്കെങ്കിലും ഈ കേസുമായി ബന്ധപ്പെട്ട സൂചന നൽകുവാൻ സാധിക്കുമെങ്കിൽ അതു ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ച് സി. ബി. ഐ സംഘം ആർച്ച് ബിഷപ്പ് മാർ മാത്യു മൂലക്കാട്ടിനെ സമീപിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ പിതാവ് വൈദികർക്ക് കത്തയ്ക്കുകയും ചെയ്തു. സഭയുടെ സുതാര്യതയാണ് ഇതിൽ വ്യക്തമാകുന്നത്.

### 10. 62.4 ശതമാനം മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ദരിദ്രർ.(Deshabhimani 06-07-2007)

തീരപ്രദേശത്തെ 1.26 ദശലക്ഷം മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ 62.4 ശതമാനം കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയാണെന്ന് റവന്യൂ അധികൃതർ വിതരണം ചെയ്ത റേഷൻ കാർഡിന്റെ അടിസ്ഥാന ത്തിൽ കണ്ടെത്തിയെന്ന് മന്ത്രി എസ്. ശർമ നിയമസഭയെ അറിയിച്ചു. 22 ശതമാനം മത്സ്യത്തൊഴിലാളികൾക്ക് താമസിക്കാൻ ഭൂമിയില്ല. 92 ശതമാനം കുടുംബങ്ങളുടെ വാർഷിക വരുമാനം അയ്യായിരം രൂപയിൽ താഴെ യാണ്. 49 ശതമാനത്തിന് അഞ്ചു സെന്റിന് താഴെ ഭൂമിയാണ് ഉള്ളതെന്നും കെ. ബി ഗണേഷ് കുമാർ, കെ. കെ ഷാജു, തോമസ് ചാണ്ടി എന്നിവരെ മന്ത്രി അറിയിച്ചു.